ഓം നമഃശിവായ

# തൃക്കലഞ്ഞൂർ ശ്രീ മഹാദേവർ ക്ഷേത്രം

## (ശങ്കരപുരത്ത് മുക്കാൽവട്ടം ദേവസ്വം)



# മഹാ ശിവരാത്രി മഹോത്സവം

## 2013 മാർച്ച് 10 (1188 കുംഭം 26 ഞായർ)

* ശിവപുരാണ പാരായണം * കളഭാഭിഷേകം * കാവടിപൂജ * കാവടിയാട്ടം
അഞ്ചുപൂജ * കാവടിയഭിഷേകം * കഥകളി * വിളക്കിനെഴുന്നെള്ളിപ്പ്

Website: www.kalanjoormahadevatemple.org
Email: manager@kalanjoormahadevatemple.org



# തൃക്കലഞ്ഞൂർ ശ്രീ മഹാദേവർ ക്ഷേത്രം
# മഹാ ശിവരാത്രി മഹോത്സവം



ഭക്തജനങ്ങളെ,

തൃക്കലഞ്ഞൂർ ശ്രീ മഹാദേവർ ക്ഷേത്രത്തിലെ ഈ വർഷത്തെ **ശിവരാത്രി മഹോത്സവം 2013 മാർച്ച് 10–ാംതീയതി (1188 കുംഭം 26) ഞായറാഴ്ച** അന്യത്ര ചേർത്തിരിക്കുന്ന പരിപാടികളോടുകൂടി പൂർവ്വാധികം ഭംഗിയായി നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്ന വിവരം എല്ലാ ഭക്തജനങ്ങളേയും ഭക്ത്യാദരപൂർവ്വം അറിയിച്ചുകൊള്ളുന്നു.

ഈ പുണ്യദിനത്തിൽ ശിവരാത്രിവ്യതം അനുഷ്ഠിച്ചും, ഉറക്കമിളച്ചും, ക്ഷേത്രത്തിലെ വിശേഷാൽ പൂജാകർമ്മങ്ങൾ ദർശിച്ചും സായൂജ്യം അടയുന്നതിന് തൃക്കലഞ്ഞൂരപ്പന്റെ നാമധേയത്തിൽ എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ ഉണ്ടാകണമെന്ന് സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്
തൃക്കലഞ്ഞൂർ ശ്രീ മഹാദേവർ ദേവസ്വം ട്രസ്റ്റിന് വേണ്ടി

ചെയർമാൻ
**രാമരു വാസുദേവൻ പോറ്റി**
പ്ലാസ്ഥാനത്തുമഠം, കലഞ്ഞൂർ

മാനേജർ
**ആർ. കൃഷ്ണൻ പോറ്റി**
പ്ലാസ്ഥാനത്തുമഠം, കലഞ്ഞൂർ

കലഞ്ഞൂർ
5.2.2013

## 2013 മാർച്ച് 10 (1188 കുംഭം 26) ഞായർ

രാവിലെ 5 മണിക്ക് — **പള്ളിയുണർത്തൽ, പ്രഭാതഭേരി, നിർമ്മാല്യ ദർശനം, ഹരിനാമകീർത്തനം**

7ന് — **ഉഷഃപൂജ**

8ന് — **ശിവപുരാണ പാരായണം**
ശ്രീ. വി.എൻ. ജഗന്നാഥൻ നായർ
ശ്രീ. എൻ. ഗോപാലൻ നായർ

8.15ന് — **കളഭപൂജ**

പ്രത്യേകം ശുദ്ധി ചെയ്ത് തയ്യാറാക്കിയ പവിത്രവും, പരിശുദ്ധവുമായ കളഭം ക്ഷേത്രമണ്ഡപത്തിൽ വാദ്യമേളങ്ങളോടെ ക്ഷേത്ര തന്ത്രി കുളക്കട നമ്പിമഠത്തിൽ ബ്രഹ്മശ്രീ രമേശര് ഭാനു ഭാനു പണ്ടാരത്തിൽ അവർകളുടെ മുഖ്യ കാർമ്മികത്വത്തിൽ കലശത്തിൽ നിറച്ച് പൂജിക്കുന്നു.



# തൃക്കലഞ്ഞൂർ ശ്രീ മഹാദേവർ ക്ഷേത്രം

# മഹാ ശിവരാത്രി മഹോത്സവം



രാവിലെ 10.30ന്

## കളഭാഭിഷേകം

ക്ഷിപ്രപ്രസാദിയും ഉദ്ദിഷ്ടകാര്യപ്രദായകനുമായ തൃക്കലഞ്ഞൂരപ്പന് നടത്തപ്പെടുന്ന വളരെ ശ്രേയസ്സ്കരവും, ശ്രേഷ്ഠവുമായ ഒരു പുണ്യകർമ്മമാണ് കളഭാഭിഷേകം. മണ്ഡപത്തിൽ പൂജിച്ച കളഭ കുംഭം വാദ്യമേളങ്ങളുടെ അകമ്പടിയോടെ ശ്രീകോവിലിന് പ്രദക്ഷിണമായി അകത്തേയ്ക്ക് എഴുന്നെള്ളിച്ച് ദേവന് അഭിഷേകം ചെയ്യുന്നു. അത്യപൂർവ്വമായി മാത്രം ദർശിക്കുവാൻ സാധിക്കുന്ന ഈ പുണ്യ കർമ്മത്തിന് എല്ലാ ഭക്തജനങ്ങളും എത്തിച്ചേരേണ്ടതാണ്.

കളഭം വഴിപാടായി സമർപ്പിക്കുന്നത്: **ശ്രീ. രാധാകൃഷ്ണൻ നായർ, ലക്ഷ്മി നാരായണ, കലഞ്ഞൂർ**

11 മണിക്ക് — **ഉച്ചപൂജ**

വൈകിട്ട് 4 മണിക്ക് — **കാവടിപൂജ**

(പ്ലാസ്ഥാനത്തുമഠത്തിൽ പ്രത്യേകം തയ്യാറാക്കിയ മണ്ഡപത്തിൽ)

വൈകിട്ട് 4.30ന് — **കാവടി ഘോഷയാത്ര**

**കാവടിയാട്ടം**

വൈകിട്ട് 7ന് — **ദീപാരാധന**

7.30ന് — **മേജർസെറ്റ് കഥകളി**

**കഥ: ദേവയാനീ ചരിതം, കിരാതം**

രംഗത്ത്: സർവ്വശ്രീ **FACT പത്മനാഭൻ**

**FACT മോഹനൻ**

**R.L.V. രാധാകൃഷ്ണൻ (പാവുമ്പ)**

**കലാമണ്ഡലം ബിജു**

**കലാഭാരതി ഹരി നമ്പൂതിരി**

**കലാഭാരതി വാസുദേവൻ**

**ചിറയൻകീഴ് മുരുകൻ**

**കലാബോധിനി രാഹുൽ കൃഷ്ണൻ**

**കലാബോധിനി അശ്വിൻ ശശിധരൻ**

**കലാബോധിനി സൗരാജ്**

**കലാബോധിനി ഗോകുൽ കൃഷ്ണ**





പാട്ട്: **കലാമണ്ഡലം ജയപ്രകാശ്**
**കലാനിലയം ബാബു**

ചെണ്ട: **സർവ്വശ്രീ കലാമണ്ഡലം രാമൻ നമ്പൂതിരി**
**സദനം രതീഷ്**

മദ്ദളം: **കലാനിലയം ബാബു**
**തിരുവല്ല ഉണ്ണികൃഷ്ണൻ**

ചുട്ടി: **കലാനിലയം സജി**

**കഥകളിയോഗം: ശ്രീ വൈഷ്ണവം കഥകളി യോഗം, തിരുവല്ല**

രാത്രി 11 മണിക്ക് — **ശിവരാത്രി പൂജ** (അഞ്ചുപൂജ)
(നാലാമത്തെ പൂജാ സമർപ്പണത്തോടുകൂടി നവക പഞ്ചഗവ്യ കലശപൂജകൾക്ക് ശേഷം)

രാത്രി 12 മണിക്ക് — **കാവടിയഭിഷേകം** (ദർശനപ്രധാനം)
തുടർന്ന് **കലശാഭിഷേകവും, ദീപാരാധനയും**

2.30 മുതൽ 5 വരെ — **ശ്രീഭൂതബലി,**
**വിളക്കിനെഴുന്നെള്ളിപ്പ്**

വെളുപ്പിന് 5 മണിക്ക് — **കരിമരുന്ന് പ്രയോഗം**

## ശിവരാത്രി ഐതീഹ്യം

മാഘം, ഫാൽഗുനം എന്നീ മാസങ്ങളിലായി വന്നുചേരുന്ന കറുത്ത പക്ഷത്തിലെ ചതുർദ്ദശിയിലാണ് (കുംഭമാസത്തിലെ കറുത്തപക്ഷത്തിലെ ചതുർദ്ദശി) ശിവരാത്രി വ്രതം അനുഷ്ഠിക്കുന്നത്. ഈ രാത്രിയിൽ വ്രതം കൊണ്ടും, ഉറക്കമിളച്ചും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. ശിവരാത്രി വ്രതത്തിന്റെ ഉത്ഭവ കഥ ഇപ്രകാരം സംക്ഷേപിക്കാം. ഒരിക്കൽ ബ്രഹ്മാവും വിഷ്ണുവും തമ്മിൽ ഒരു തർക്കമുണ്ടായി. ആ തർക്കം കലഹത്തിൽ കലാശിച്ചു. കലഹത്തിന്റെ പാരമ്യതയിൽ അവരുടെ ഇടയിൽ ഒരു ശിവലിംഗം ഉയർന്നുവന്നു. അതിന്റെ രണ്ടഗ്രവും അദൃശ്യമായിരുന്നു. കണ്ടുപിടിക്കുവാൻ ബ്രഹ്മാവ് കീഴ്പ്പോട്ടും, വിഷ്ണു മേൽപ്പോട്ടും സഞ്ചരിച്ചു. രണ്ടുപേരും ലക്ഷ്യസ്ഥാനം കണ്ടുപിടിക്കുവാൻ കഴിയാതെ പൂർവ്വസ്ഥാനത്ത് വന്ന് വിഷമിച്ച് നിൽക്കവേ ശിവൻ അവിടെ പ്രത്യക്ഷപ്പെട്ട് അവരുടെ കലഹം അവസാനിപ്പിച്ചു. ഇത്തരത്തിൽ ശിവൻ പ്രത്യക്ഷപ്പെട്ടത് മാഘമാസത്തിലെ കറുത്തപക്ഷത്തിലെ ചതുർദ്ദശി രാത്രിയിലായിരുന്നു. മേലിൽ എല്ലാ വർഷവും പ്രസ്തുത രാത്രി വ്രതമായി അനുഷ്ഠിക്കണമെന്നും, അതിന് ശിവരാത്രി എന്ന് പേരിടണമെന്നും ശിവൻ അരുളിച്ചെയ്തതായി കാണുന്നു. ശിവരാത്രി വ്രതം അനുഷ്ഠിച്ച് പാപികൾ പോലും ശിവലോകം പ്രാപിച്ച കഥ ശിവമാഹാത്മ്യത്തിൽ വിവരിക്കുന്നു. ശിവരാത്രി ദിവസം രാവിലെ കുളി കഴിഞ്ഞ് ഭസ്മം, ശുഭ്രവസ്ത്രം എന്നിവ ധരിച്ച് ശിവനാമ കീർത്തനങ്ങളോടെ ദിവസം മുഴുവനും ശിവക്ഷേത്രത്തിൽ കഴിയുകയു, സന്ധ്യയ്ക്ക് വീണ്ടും കുളി, ശിവപൂജ, കുവളത്തില അർച്ചന, നമസ്കാരം എന്നിവ ചെയ്തും, രാത്രിയിൽ ഉപവസിച്ചും, ഉറക്കമിളച്ചും അടുത്തദിവസം രാവിലെ സ്നാനം, ശിവപൂജ, ദാനം എന്നിവ ചെയ്ത് പാരണവീടി വ്രതം അവസാനിപ്പിക്കാവുന്നതാണ്.

**NB: ക്ഷിപ്രപ്രസാദിയും സർവ്വാഭീഷ്ടപ്രദായകനുമായ തൃക്കലഞ്ഞൂരപ്പന്റെ വിളക്കിനെഴുന്നെള്ളിപ്പ് ദർശിച്ച് സായൂജ്യമടയുന്നതിന് എല്ലാ അമ്മമാരും ബാലികമാരും വ്രതശുദ്ധിയോടെ വിളക്ക് എടുക്കേണ്ടതാണ്. ഐശ്വര്യദായകവും, ശ്രേയസ്കരവുമായ ഈ പുണ്യ മുഹൂർത്തത്തിൽ വിളക്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ദേവസ്വത്തിൽ പേര് നൽകേണ്ടതാണ്. കാവടി നിറയ്ക്കുന്നതിന് ദേവസ്വത്തിൽ സൗകര്യം (പ്ലാസ്ഥാനത്ത് മഠത്തിൽ) ഏർപ്പെടുത്തിയിട്ടുള്ളതും കാവടി ഒന്നിന് 15 രൂപ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കാവടി പൂജയ്ക്ക് ശേഷം വൈകിട്ട് 4 മണിയോടുകൂടി കാവടി ഘോഷയാത്ര ആരംഭിക്കുന്നതാണ്**

കോസ്മിക്
PTPM ▸ 8089893988